(ഡി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നതെന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 203 പേർ.

(ബി) 171.

(സി&ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ ശുദ്ധജലക്ഷാമം

43 (1710) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗൺ ഒന്ന്, നാല് വാർഡുകളിൽ ശുദ്ധ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വെള്ളമെത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധിയിൽ ജോലികൾ സംബന്ധിച്ച് എന്ത് നിർദ്ദേശമാണ് ഉണ്ടായിരുന്നത് ;

(സി) ഹൈക്കോടതി വിധി അനുസരിച്ചുള്ള എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) എങ്കിൽ ജലക്ഷാമം ഉള്ള എല്ലാ സ്ഥലങ്ങളിലും വെള്ളം എത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇപ്പോഴും ഈ പ്രദേശങ്ങളിൽ ചില ഭാഗങ്ങളിൽ വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ വെള്ളമെത്തിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതി വിധിയിൽ ജോലികൾ സംബന്ധിച്ച് മൂന്നു മാസത്തിനുള്ളിൽ റെയിൽവേയുടെ അനുവാദം വാങ്ങി ഈ വാർഡുകളിൽ ശുദ്ധജലം എത്തിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് റെയിൽവേയിൽ നിന്നും അനുവാദം കിട്ടിയ ഉടൻതന്നെ ടെൻഡർ വിളിച്ച് പണികൾ അടിയന്തിരമായി പരമാവധി വേഗതയിൽ പൂർത്തിയാക്കുകയും അതോടൊപ്പംതന്നെ ചെറുകരക്കുന്നിലുള്ള വാട്ടർ ടാങ്കിൽ നിന്നും പൈപ്പുലൈൻ വഴി വെള്ളം ചാർജ്ജ് ചെയ്ത് പരിശോധിക്കുകയും ചെയ്തു. നേരത്തെ ഇട്ടിരുന്ന പൈപ്പുകളിലുണ്ടായ ചോർച്ചയും പൊട്ടലുകളും പരിഹരിക്കുന്ന നടപടികൾ ഇപ്പോഴും തുടർന്നു വരുന്നു. ഇവ പൂർണമായി പരിഹരിച്ച് 1, 4 വാർഡുകളിൽ ഒരാഴ്ചയ്ക്കകം ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) സ്വീകരിക്കുന്നുണ്ട്.

കൊഴിഞ്ഞാംപാറ ശുദ്ധജലവിതരണ പദ്ധതി

44 (1711) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്കാവശ്യമായ പമ്പിംഗ് മെയിൻപൈപ്പ് ടെസ്റ്റ് ചെയ്യുമ്പോൾ തന്നെ പലപ്രാവശ്യം പൊട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പൈപ്പ് മുഴുവൻ മാറ്റിത്തരാൻ പൈപ്പു വിതരണം ചെയ്ത കമ്പനി സമ്മതിച്ചതായ വിവരം അറിയുമോ ;

(ഡി) എന്നാൽ ഇതുവരെ പൈപ്പ് മാറ്റിത്തന്നിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മോശമായ പൈപ്പു വിതരണം ചെയ്ത കമ്പനിയുടെ പേരിൽ ഏതെങ്കിലും നടപടി സ്വീകരിക്കുമോ ;

(എഫ്) മോശമായ പൈപ്പ്, നല്ല പൈപ്പാണെന്ന് സർട്ടിഫൈ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അറിയാം. ആദ്യപടിയായി 300 മി.മീ കാസ്റ്റ് 15 പൈപ്പിന്റെ 1000 മീറ്റർ 45 ദിവസത്തിനകം മാറ്റിത്തരാമെന്നും അങ്ങനെ ഇടുന്ന പൈപ്പിന്റെ ഗുണനിലവാരം തൃപ്തികരമെങ്കിൽ ബാക്കിവരുന്ന 5690 മീറ്റർ അടുത്ത 45 ദിവസത്തിനകം തരാമെന്നും മാറ്റി ഇടുന്നതിനു വേണ്ടിവരുന്ന മുഴുവൻ ചെലവും കമ്പനി വഹിക്കുന്നതാണെന്നും സമ്മതിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. മേൽപ്പറഞ്ഞ 1000 മീറ്റർ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ഏജൻസി ടെസ്റ്റു ചെയ്തു പാസ്സാക്കിയിട്ടുണ്ട്. പൈപ്പുകൾ ഉടൻ എത്തിക്കുന്നതാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്.

(ഇ) മാറ്റിത്തരാമെന്ന് സമ്മതിച്ച പൈപ്പുകൾ മോശമെന്നു കണ്ടാൽ നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly